# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 12 ബുധൻ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -272)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
| --- | --- |
| സഹകരണ വകുപ്പുമന്ത്രി | : 2696 മുതൽ 2741 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | : 2742 മുതൽ 2787 വരെ |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി | :2788 മുതൽ 2868 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : 2869 മുതൽ 2967 വരെ |

## സഹകരണ മേഖലയിലെ ഒരു വർഷത്തെ കർമ്മ പദ്ധതി

2696 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഒരു വർഷത്തേക്കുള്ള കർമ്മ പദ്ധതിയിൽ സഹകരണ വകുപ്പ് എന്തെല്ലാം കർമ്മ പരിപാടികളാണ് നടപ്പാക്കാൻ ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>നൂറ്ദിനകർമ്മ പദ്ധതികൾ</u>

2697 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാരിന്റെ നൂറ്ദിന പരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിനു കീഴിൽ എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചതെന്ന് വെളിപ്പെടുത്താമോ

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

'ആശ്വാസ്-2011' പദ്ധതി

2698 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ആശ്വാസ്-2011' പദ്ധതി പ്രകാരം 2011 ആഗസ്റ്റ് 31വരെ എത്ര കോടി രൂപ കുടിശ്ശിക ഇനത്തിൽ സഹകരണ വകുപ്പ് പിരിച്ചെടുത്തു ;

(ബി) അതിൽ നിന്ന് എത്ര കോടി രൂപയുടെ ആനുകൂല്യം വായ്പക്കാർക്ക് നൽകി എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>സഹകരണ സര്‍വ്വകലാശാല</u>

2699 ശ്രീ. കെ.കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

സംസ്ഥാനത്ത് സഹകരണ മേഖലയ്ക്ക് ശക്തി പകരുന്നതിന്റെ ഭാഗമായി ഒരു സഹകരണ സര്‍വ്വകലാശാല രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>സ്വയംതൊഴിൽദായകപദ്ധതിപ്രകാരം തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ</u>

2700 ശ്രീ. ജോസഫ് വാഴക്കൻ
,, കെ. അച്ചുതൻ
,,സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ സ്വയംതൊഴിൽദായക പദ്ധതി പ്രകാരം സഹകരണ മേഖലയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിപ്രകാരം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകും എന്നാണ് കരുതുന്നത്;

(സി) സ്വയംതൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ളവർക്ക് ഏതെല്ലാം സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകള്‍ ലാഭത്തില്‍ പ്രവര്‍ത്തിക്കാന്‍ പദ്ധതികള്‍</u>

2701 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണ മേഖലയിലെ പുതിയ വായ്പാനയം സഹകരണ ബാങ്കുകള്‍ക്ക് സാമ്പത്തിക നഷ്ടം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ജില്ലാ സഹകരണ ബാങ്കുകള്‍ നഷ്ടത്തിലാവാന്‍ പ്രസ്തുത വായ്പാനയം കാരണമായിട്ടുണ്ടോയെന്ന് പരിശോധിക്കുമോ ;

(സി) സഹകരണ ബാങ്കുകള്‍ ലാഭത്തിലാക്കാന്‍ എന്തെല്ലാം പദ്ധതികള്‍ ആവിഷ്ക്കരിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങളുടെ സേവന മേഖല വിപുലീകരണം</u>

2702

ശ്രീ. ഇ. പി. ജയരാജൻ
,, കെ. കെ. ജയചന്ദ്രൻ
,, സാജു പോൾ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വായ്പാ സംഘങ്ങളുടെ സേവന മേഖല വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന് നബാർഡിന്റെ അംഗീകാരം ലഭിക്കുമോ; ഇല്ലെങ്കിൽ നബാർഡിന്റെ നിലപാടിൽ കാലോചിതമായ മാറ്റം വരുത്താൻ നബാർഡിൽ സമ്മർദ്ദം ചെലുത്തുമോ ?

**കേരള നിയമസഭ**

**12.10.2011-ലെ മറുപടിക്ക്**

<u>ഉല്പാദന മേഖലയിൽ പുതിയ സംരംഭങ്ങൾ</u>

2703 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ഷാഫി പറമ്പിൽ
,, സണ്ണി ജോസഫ്
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉല്പാദന മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുവാൻ തിരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കാർഷിക വികസന ബാങ്കുകൾ മുഖേന സംരംഭകർക്ക് വായ്പ നൽകുന്നകാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകളുടെ സേവനം മെച്ചപ്പെടുത്താൻ നടപടി</u>

2704

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ ബാങ്കുകളും, സ്വകാര്യബാങ്കിങ് സ്ഥാപനങ്ങളും അവയുടെ പ്രവർത്തനം ഗ്രാമീണ മേഖലയിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സഹകരണ ബാങ്കുകളിൽ പ്രവർത്തന മാന്ദ്യം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ ബാങ്കുകളുടെ സേവനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നിക്ഷേപകരെയും ഇടപാടുകാരെയും ആകർഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഗോൾഡ് ലോൺ തുടങ്ങിയ സൗകര്യങ്ങൾ ഞായറാഴ്ചകളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

സംസ്ഥാന കാർഷിക വികസന ബാങ്കിന്റെ ലാഭവിഹിതം

2705 ശ്രീ. ഇ.പി. ജയരാജൻ
,, എം. ചന്ദ്രൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക വികസന ബാങ്ക്, പ്രാഥമിക കാർഷിക വികസന ബാങ്കുകൾക്ക് ലാഭവിഹിതം നൽകുന്നുണ്ടോ ;

(ബി ഏറ്റവും ഒടുവിൽ ലാഭവിഹിതം നൽകിയത് എപ്പോഴാണ്; ഏതെല്ലാം വർഷങ്ങളിലെ ലാഭവിഹിതങ്ങൾ നൽകുകയുണ്ടായി;

(സി) 2009-10 സാമ്പത്തിക വർഷത്തിൽ ബാങ്കിന്റെ ലാഭം എത്ര കോടിയാണ് ; ഈ കാലയളവിലെ ലാഭവിഹിതം നൽകാതിരിക്കുന്നത് എന്തു കൊണ്ടാണ് ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കാർഷിക വായ്പകൾക്ക് പലിശയിളവ്</u>

2706 ശ്രീ. എം. ഉമ്മർ
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നൽകുന്ന കാർഷിക വായ്പകൾക്ക് പലിശ ഇളവ് നൽകുന്ന കാര്യം സർക്കാർ ആലോചിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>ഭവനവായ്പാ പലിശ നിരക്ക്</u>

2707 ശ്രീ. പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ അർബൻ ബാങ്ക് ജീവനക്കാർക്ക് അനുവദിക്കുന്ന ഭവനവായ്പയുടെയും ഓവർ ഡ്രാഫ്റ്റിന്റെയും പരിധി വർദ്ധിപ്പിച്ചുകൊണ്ടുള്ള 30.12.2009 ലെ ഉത്തരവു പ്രകാരം പലിശ നിരക്ക് വർദ്ധിപ്പിച്ചതുമൂലം ഒരു വായ്പയ്ക്കു തന്നെ രണ്ടുതരം പലിശ ഈടാക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തന്മൂലം ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ജീവനക്കാർക്ക് ഭവന വായ്പയും ഓവർ ഡ്രാഫ്റ്റും അനുവദിക്കുമ്പോൾ ഏറ്റവും ഉയർന്ന പലിശ നിരക്ക് ഈടാക്കണമെന്ന വ്യവസ്ഥയിൽ ആവശ്യമായ ഭേദഗതി വരുത്തി പലിശനിരക്ക് കുറയ്ക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>നെൽകർഷകർക്ക് പലിശരഹിത വായ്പ</u>

2708 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന അടുത്ത ഒരു വർഷത്തിനുള്ളിൽ കാർഷിക വായ്പ വിപുലമായി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര കോടി രൂപയുടെ വായ്പ നൽകാനാണ് ഉദ്ദേശിക്കുന്നത്;

(സി) കാർഷിക വായ്പ കൃത്യമായി തിരിച്ചടക്കുന്ന കർഷകർക്ക് എന്തെങ്കിലും പ്രത്യേക ആനുകൂല്യം നൽകുമോ; എങ്കിൽ വിശദദാംശങ്ങൾ നൽകാമോ;

(ഡി) നെൽകർഷകർക്ക് പരിശ രഹിത വായ്പ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എത്രപേർക്ക്;

(ഇ) പലിശ ഇനത്തിൽ ചെലവായ തുക സഹകരണ സംഘങ്ങൾക്ക് സർക്കാർ നല്കുമോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പുതിയ സംരഭങ്ങൾക്ക് ദീർഘകാല വായ്പ</u>

2709 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ വിപുലമായ വായ്പാ സൗകര്യവും സാമ്പത്തിക സഹായവും നൽകുന്ന കാര്യം സഹകരണ വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന ഉൽപാദന മേഖലയിൽ പുതിയ സംരഭങ്ങൾക്കായി ദീർഘകാല □സംരംഭക വായപ□ നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സഹകരണ ആശുപത്രികൾക്ക് ആധുനിക ഉപകരണങ്ങൾ, കിടക്കകൾ എന്നിവ വാങ്ങുന്നതിനായി സാമ്പത്തിക സഹായം നൽകുമോ;

(ഡി) എങ്കിൽ എത്ര ആശുപത്രികൾക്ക്; എത്ര തുക വീതം അനുവദിക്കുമെന്ന് വ്യക്തമാക്കാമോ ;

(ഇ) വിദ്യാഭ്യാസ മേഖലയിൽ സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(എഫ്) 'കേപ്പി'ന്റെ കീഴിൽ പുതിയ എഞ്ചിനീയറിംങ് കോളേജ് ആരംഭിക്കുമോ; എങ്കിൽ എവിടെയായിരിക്കും ആരംഭിക്കുക; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

ക്രമരഹിത വായ്പ

2710 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ പരശുവയ്ക്കൽ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ: 663-ൽ നിന്നും ശ്രീമതി. ദീപ എൻ.എസ്, ശ്രീ. രമേഷ് കുമാർ, സൂര്യശ്രീ നെടിയാംകോട് എന്നിവർക്ക് (6391, കെ.സി.സി. 3011 6392 കെ.സി.സി 3012) മെമ്പർഷിപ്പും വായ്പയും നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണെന്നും, ഇവർ മെമ്പർഷിപ്പിനും, ലോണിനും, ലോൺ ജാമ്യത്തിനും ഹാജരാക്കിയ രേഖകളുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(ബി) പ്രസ്തുത ബാങ്ക് പരിധിയിൽ താമസിക്കാത്തവർക്കും, ബാങ്ക് പരിധിയിൽ വസ്തു ഇല്ലാത്തവർക്കും മെമ്പർഷിപ്പും ലോണും നൽകിയത് സഹകരണ നിയമത്തിലെ ഏത് വകുപ്പ് പ്രകാരമാണ്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) അന്യസംസ്ഥാനത്ത് വിവാഹം കഴിച്ച് താമസിക്കുന്നവർക്ക് പ്രസ്തുത വ്യാജ വിലാസത്തിൽ മെമ്പർഷിപ്പും ലോണും നൽകിയതിന്റെ കാരണം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത മെമ്പർഷിപ്പും ലോണും ശുപാർശ ചെയ്ത ബാങ്ക് ഡയറക്ടർ ബോർഡ് മെമ്പർ എന്നിവർ ആരാണെന്നും ലോൺ അപേക്ഷയിൽ ഫീൽഡ് അന്വേഷണം നടത്തിയ ജീവനക്കാരന്റെ റിപ്പോർട്ടും ലഭ്യമാക്കുമോ;

(ഇ) അപേക്ഷകർ റേഷൻകാർഡ്, ഇലക്ഷൻ ഐ.ഡി. കാർഡ് എന്നിവയുടെ പകർപ്പ് ഹാജരാക്കിയിട്ടുണ്ടോ; അതിലെ വിലാസവും വായ്പാ ലോണിലെ വിലാസവും ഒന്നാണോ; വ്യക്തമാക്കുമോ;

# കേരള നിയമസഭ

## 12.10.2011-ലെ മറുപടിക്ക്

(എഫ്) സൂര്യശ്രീ നെടിയാംകോടിന്റെ കെട്ടിട നമ്പർ എത്രയാണെന്നും പ്രസ്തുത കെട്ടിടം പഞ്ചായത്തിലെ രജിസ്റ്റർ പ്രകാരം ആരുടെ പേരിലാണെന്നും വ്യക്തമാക്കുമോ;

(ജി) ബാങ്ക് പരിധിയിൽ സ്വന്തമായി വീടോ, ഭൂമിയോ ഇല്ലെങ്കിലും ലോണും മെമ്പർഷിപ്പും നൽകാൻ ബാങ്കിന് വ്യവസ്ഥയുണ്ടെങ്കിൽ ബാങ്ക് വ്യാജവിലാസത്തിൽ അവർക്ക് ലോണും, മെമ്പർഷിപ്പും എന്തിനാണ് നൽകിയെന്നത് വ്യക്തമാക്കുമോ;

(എച്ച്) ഈ വിഷയം സഹകരണ വകുപ്പ് രജിസ്ട്രാറോട് നേരിട്ട് അന്വേഷണം നടത്തുന്നതിനും ഉത്തരവാദിയായ സംഘം ഭരണസമിതിയെ പിരിച്ചുവിടുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>കാര്‍ഷിക വായ്പയുടെ റീ- ഇംബേഴ്സ്മെന്റ്</u>

2711 ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക വായ്പയുടെ റീഇംബേഴ്സ്മെന്റ് കിട്ടാത്തതു മൂലം ജില്ലാബാങ്കുകള്‍ പ്രതിസന്ധിയിലായത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ ഓരോ ബാങ്കുകള്‍ക്കും ലഭിക്കുവാനുള്ള തുകയുടെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) ആയത് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>വില്ലേജ് സഹകരണ സംഘങ്ങൾക്ക് ധനസഹായം</u>

2712 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് സർവ്വീസ് സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകാറുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഇനങ്ങളിലാണ് ധനസഹായം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 2010-11 വർഷത്തേക്ക് എത്ര കോടി രൂപ ഇപ്രകാരം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങൾക്ക് ഗ്രാന്റ് അനുവദിക്കൽ</u>

2713 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റ് അനുവദിക്കുന്നതിനായി സഹകരണ സംഘങ്ങളെ തെരെഞ്ഞെടുക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എന്തൊക്കെയാണ് ;

(ബി) അർഹത നേടിയ സംഘങ്ങൾക്ക് ഗ്രാന്റ് ലഭിക്കുന്നതിന് എന്തെങ്കിലും മുൻഗണനാ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>നബാർഡിൽ നിന്നുള്ള ധനസഹായം</u>

2714 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡിൽ നിന്ന് വകുപ്പിന് 20062011 കാലഘട്ടത്തിൽ എന്തു തുക ധനസഹായം അനുവദിച്ചു; ഓരോ വർഷവും അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ വർഷവും ധസഹായത്തിനായി ഏതെല്ലാം സ്ഥാപനങ്ങൾ ആണ് അപേക്ഷിച്ചത്; ആർക്കെല്ലാമാണ് ധനസഹായം അനുവദിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഒറ്റപ്പാലം താലൂക്ക് എഡ്യൂക്കേഷൻ സൊസൈറ്റി ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കുമാ?

(ഡി) സൊസൈറ്റിക്ക് ധനസഹായം അനുവദിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദീകരിക്കാമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ബയോഗ്യാസ് പ്ലാന്റുകൾക്ക് വായ്പ</u>

2715 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക മാലിന്യങ്ങളിൽ നിന്ന് ബയോഗ്യാസ് ഉൽപ്പാദിപ്പിക്കാൻ ശേഷിയുളള ചെറുകിട ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടി വായ്പ നൽകാൻ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്ക് അനുവാദം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്ന സഹകരണ സംഘങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിഗണിക്കാമോ ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ
പുനരുദ്ധാരണം

2716 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽപ്പെട്ട പരവൂർ നഗരസഭ, പൂതക്കുളം, ചിറക്കര, ചാത്തന്നൂർ, ആദിച്ചനെല്ലൂർ, പൂയംപ്പള്ളി, കല്ലുവാതുക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളിലുമായി എത്ര പട്ടികജാതി പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത സംഘങ്ങളുടെ ഇന്നത്തെ സാമ്പത്തിക സ്ഥിതിയും, പ്രവർത്തന പുരോഗതിയും അറിയിക്കുമോ;

(സി) പ്രസ്തുത സംഘങ്ങളെ പുനരുദ്ധീകരിച്ച് പ്രവർത്തനസജ്ജമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പുന്നപ്ര സഹകരണ ആശുപത്രി</u>

2717 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി സഹകരണ മെഡിക്കൽ കോളേജിന്റെ ഭാഗിക സഹായത്തോടെ ആരംഭിച്ച പുന്നപ്ര സഹകരണ ആശുപത്രിയിൽ 2010 സെപ്തംബർ ഒന്നുമുതൽ 2011 സെപ്തംബർ 31 വരെ ഒ.പി., ഐ.പി. വിഭാഗങ്ങളിൽ ചികിത്സ തേടിയ രോഗികൾ എത്രയെന്നും അതിൽ നിന്നും ലഭിച്ച വരുമാനം എത്രയെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയെ തകർക്കാൻ സ്വകാര്യ ആശുപത്രി ലോബികൾ നടത്തുന്ന ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആശുപത്രിയിൽ ഹൃദയ ശസ്ത്രക്രീയാ സാമഗ്രികൾ ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) അതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

കുലിക്കല്ലൂർ കാർഷിക സഹകരണസംഘം

2718 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കിൽ കുലിക്കല്ലൂർ പഞ്ചായത്ത് കാർഷിക ഉല്പാദന സംഭരണ സംസ്ക്കരണ വിപണന ക്രെഡിറ്റ് സഹകരണ സംഘം എന്നാണ് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചതെന്നും ടി സംഘത്തിന് പ്രവർത്തന മൂലധനമായോ മറ്റേതെങ്കിലും സഹായമായോ സർക്കാരോ അപ്പെക്സ് കേന്ദ്ര സംഘങ്ങളോ നാളിതുവരെ എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോയെന്നും വെളിപ്പെടുത്താമോ ;

(ബി) സംഘം നിയമാവലി, സഹകരണസംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഐ.എം.ബി.പി. എന്നിവ പാലിക്കാതെ സംഘം ഭരണ സമിതിയംഗങ്ങളും ഭരണസമിതിയുമായി ബന്ധമുള്ളവരും വായ്പ കൈപ്പറ്റിയതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുമോ ; അനധികൃത വായ്പ കൈപ്പറ്റിയവർക്കെതിരെ സഹകരണ നിയമപ്രകാരമുള്ള സർച്ചാർജ് നടപടികൾ സ്വീകരിക്കാമോ ;

(സി) സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറുകൾ പാലിക്കാതെ ഉയർന്ന പലിശയ്ക്ക് നിക്ഷേപം സ്വീകരിച്ചും ഉയർന്ന പലിശയ്ക്ക് വായ്പ നൽകിയും പ്രവർത്തിച്ചുവന്ന സംഘത്തിനെതിരെ നടപടി സ്വികരിക്കുമോ ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകളിലെ തെരഞ്ഞെടുപ്പ്</u>

2719 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല സഹകരണ ബാങ്കുകളിലേക്കുള്ള ഭരണസമിതി തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്ന ഏതൊക്കെ വിഭാഗങ്ങൾക്കാണ് സംവരണം ഏർപ്പെടുത്തിയിട്ടുളളത്; വിശദാംശം അറിയിക്കുമോ ?

(ബി) മത്സരാർത്ഥികളിൽ നിശ്ചിത ശതമാനം സഹകരണ വിഷയങ്ങളിൽ പരിജ്ഞാനം നേടിയിട്ടുള്ളവരായിരിക്കണമെന്ന ആവശ്യം ഉൾപ്പെടുത്തി നിയമഭേദഗതി നടത്തുവാൻ ഉദ്ദേശിക്കുന്നുവോ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(സി) പ്രസ്തുത ഭേദഗതി മൂലം സ്ഥാപനങ്ങൾക്ക് എന്തെങ്കിലും പ്രയോജനം ഉണ്ടോ എന്ന കാര്യം പഠിക്കുവാൻ പ്രത്യേക കമ്മിറ്റിയെ നിയോഗിക്കുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പിരിച്ചുവിട്ട പ്രാഥമിക സഹകരണ സംഘങ്ങൾ</u>

2720

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെങ്കിലും പ്രാഥമിക സഹകരണ സംഘങ്ങൾ പിരിച്ചുവിട്ടിട്ടു ണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ സംഘങ്ങൾ ആണെന്ന് വെളിപ്പെടു ത്തുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>വിലക്കയറ്റം തടയുന്നതിന് സഹകരണമേഖലയുടെ ഇടപെടൽ</u>

2721 ശ്രീ. വി. റ്റി. ബൽറാം
,, എം. പി. വിൻസെന്റ്
,, എം. എ. വാഹീദ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കളുടെയും മരുന്നുകളുടെയും വിലക്കയറ്റം തടയുന്നതിന് സഹകരണമേഖല എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായി പുതിയ ത്രിവേണി സൂപ്പർ മാർക്കറ്റുകൾ മൊബൈൽ ത്രിവേണി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോറുകൾ, വെയർ ഹൗസുകൾ എന്നിവ ആരംഭിക്കാൻ നടപടി എടുക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇവ എത്രയെണ്ണം വീതം തുടങ്ങാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; എങ്കിൽ എന്നത്തേയ്ക്ക് തുടങ്ങാനാകും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 12.10.2011-ലെ മറുപടിക്ക്

**എല്ലാ പഞ്ചായത്തുകളിലും കണ്‍സ്യൂമര്‍ഫെഡ് റീടെയില്‍ ഷോപ്പുകള്‍**

2722 ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കണ്‍സ്യൂമര്‍ഫെഡിന്റെ റീടെയില്‍ ഷോപ്പുകള്‍ തുറക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കണ്‍സ്യൂമര്‍ ഹൈപ്പര്‍ മാര്‍ക്കറ്റുകള്‍</u>

2723 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുജനങ്ങളില്‍ നിന്നും നിക്ഷേപം സ്വീകരിച്ച് പ്രധാന നഗരങ്ങളില്‍ കണ്‍സ്യൂമര്‍ ഹൈപ്പര്‍ മാര്‍ക്കറ്റ് ശൃംഖല സ്ഥാപിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കില്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇല്ലെങ്കില്‍ ഇതു സംബന്ധമായി സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; കുറഞ്ഞ നിരക്കില്‍ നിത്യോപയോഗ സാധനങ്ങള്‍ വിതരണം ചെയ്യാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ ത്രിവേണി</u>
<u>സൂപ്പർ മാർക്കറ്റുകൾ</u>

2724 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എല്ലാ പഞ്ചായത്തുകളിലും കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകളും പ്രധാന നഗരങ്ങളിൽ ന്യായവില ഹോട്ടലുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായുള്ള സൂപ്പർമാർക്കറ്റുകൾ / നീതി മെഡിക്കൽ സ്റ്റോറുകൾ</u>

2725

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി കൺസ്യൂമർഫെഡ് എത്ര സൂപ്പർമാർക്കറ്റുകൾ / നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങിയിട്ടുണ്ട്;

(ബി) പ്രസ്തുത സൂപ്പർമാർക്കറ്റുകളും മെഡിക്കൽ സ്റ്റോറുകളും എവിടെയെല്ലാമാണ് തുടങ്ങിയിട്ടുള്ളത്;

(സി) കൊട്ടാരക്കര പുലമണിൽ കെ.എസ്.ആർ.ടി.സി. യുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ കൺസ്യൂമർഫെഡിന്റെ നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

ആറ്റിങ്ങൽ മണ്ഡലത്തിലെ സഹകരണ മെഡിക്കൽ സ്റ്റോറുകളും മാവേലി സ്റ്റോറുകളും

2726 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ എത്ര സഹകരണ മെഡിക്കൽ സ്റ്റോറുകളും മാവേലി സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട് ; പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(ബി) സഹകരണ സംഘങ്ങൾ വഴി ഓണക്കാലത്ത് നടത്തുന്ന ഫെയറുകൾക്ക് സഹകരണ വകുപ്പ് സഹായം നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര തുക വീതമാണ് ;

(സി) തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന എസ്.സി/എസ്.ടി സഹകരണ സംഘങ്ങളുടെ എണ്ണവും പേരും വ്യക്തമാക്കാമോ ; ഇതിലേക്ക് 2011-12 വർഷത്തേക്ക് എന്ത് തുകയാണ് ഫണ്ടിനത്തിൽ മാറ്റിവച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ത്രിവേണി സ്റ്റോറുകൾ</u>

2727 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം കേന്ദ്രങ്ങളിൽ ആണ് ത്രിവേണി സ്റ്റോർ നിലവിലുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ശ്രീകൃഷ്ണപുരത്ത് ത്രിവേണി സ്റ്റോർ ആരംഭിക്കുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമാണോ;

(സി) എങ്കിൽ എന്നാണ് ആരംഭിക്കുക; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഒറ്റപ്പാലം മണ്ഡലത്തിൽ "സഞ്ചരിക്കുന്ന ത്രിവേണിസ്റ്റോർ" ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ;

(ഇ) സഞ്ചരിക്കുന്ന ത്രിവേണിസ്റ്റോറുകളുടെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>നീതി മെഡിക്കൽ സ്റ്റോറുകൾ</u>

2728 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഏതെല്ലാം പഞ്ചായത്തുകളിലാണ് നീതി മെഡിക്കൽ സ്റ്റോറുകൾ നിലവിലുളളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>സഹകരണ വിജിലൻസ് വിഭാഗം</u>

2729 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വിജിലൻസ് വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെ പേര്, തസ്തിക എന്നിവ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിന് എത്ര അഴിമതി കേസുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സഹകരണ വിജിലൻസിൽ നിലവിലുള്ള തസ്തികകളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>അറ്റന്റർ - കം - അപ്രൈസർ തസ്തികകൾ</u>

2730 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് സഹകരണബാങ്കുകളിലേക്ക് അറ്റൻഡർ കം അപ്രൈസർ തസ്തികകൾ അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ് ;

(ബി ഇത് സംബന്ധിച്ച് ചട്ടം ഭേദഗതി വരുത്തി ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങളിലെ അനധികൃത പ്രൊമോഷനുകൾ</u>

2731 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിലും അർബൻ ബാങ്കുകളിലും നടത്തിവരുന്ന ഉദ്യോഗക്കയറ്റത്തെക്കുറിച്ച് ലഭിക്കുന്ന പരാതികളിൻമേൽ അടിയന്തിര അന്വേഷണം നടത്തി തീർപ്പുകൽപ്പിക്കുന്നതിനും സഹകരണ നിയമത്തിനും ചട്ടത്തിനും വിരുദ്ധമായി അനധികൃത ഉദ്യോഗക്കയറ്റങ്ങൾ നടത്തി സംഘം ഫണ്ടിന് ബാധ്യത വരുത്തുന്നവർക്കുമെതിരെ നപപടി സ്വീകരിക്കുമോ;

(ബി) അത്തരം പ്രൊമോഷനുകളെ തുടർന്ന് സംഘങ്ങൾ കേസ്സ് നടത്തിയ വകയിലുണ്ടാകുന്ന സാമ്പത്തിക നഷ്ടം, ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കളക്ഷൻ ഏജന്റുമാരുടെ ആനുകൂല്യങ്ങൾ</u>

2732 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപ/ വായ്പ പിരിവുകാരായി എത്ര പേർ ജോലി ചെയ്യുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(ഡി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളമെന്ന പേരിൽ അനുവദിക്കുന്ന സംഖ്യ അർഹതപ്പെട്ട കമ്മീഷനിൽ നിന്ന് കുറവു ചെയ്യാതെ പ്രത്യേകമായി അനുവദിക്കാൻ വ്യവസ്ഥ ചെയ്യാമോ;

(ഇ) ജില്ലാ സഹകരണ ബാങ്കുകളിൽ പാർട്ട്ടൈം സ്വീപ്പർ, ശിപായി തസ്തികകളിൽ നിയമനം നടത്തുമ്പോൾ പ്രസ്തുത ജീവനക്കാരെ ആയതിലേയ്ക്കു പരിഗണിക്കുന്നതിന് അവരെ ഫീഡർ കാറ്റഗറിയിൽ ഉൾപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനത്തിൽ പുനർ നിയമനം</u>

2733 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനത്തിലെ ജോലി രാജിവച്ചയാൾക്ക് അതേ തസ്തികയിൽ പുനർ നിയമനം നൽകാൻ ഭരണ സമിതിക്കോ, സർക്കാരിനോ കഴിയുമോ;

(ബി) എങ്കിൽ സഹകരണ നിയമത്തിലെ ഏതു വകുപ്പ് പ്രകാരമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങളിലെ സംവരണ വ്യവസ്ഥ</u>

2734

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ മുതൽ സംസ്ഥാന സഹകരണ ബാങ്ക് വരെയുള്ള വിവിധ സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണ വ്യവസ്ഥ ബാധകമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ സഹകരണ ചട്ടപ്രകാരമുള്ള സംവരണ വ്യവസ്ഥയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ സേവന നിയമങ്ങൾ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമാക്കിയിട്ടുള്ള കേരള സർവ്വീസ് റൂൾസ് തന്നെയാണോ;

(ഡി) എങ്കിൽ കെ.എസ്.ആർ. ബാധകമാക്കിയിട്ടുള്ള സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിലും പി.എസ്.സി. ചട്ടങ്ങൾക്കനുസരണമായ സംവരണ ക്രമം നടപ്പിലാക്കുന്നതിൽ തടസ്സമുണ്ടോ;

(ഇ) ഭരണഘടനാപരമായ സംവരണം സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിലും ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>സഹകരണ ജീവനക്കാർക്ക് ക്ഷേമനിധി ബോർഡ്</u>

2735 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സഹകരണ ജീവനക്കാർക്ക് ക്ഷേമനിധി ബോർഡ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>കേപ്പിന്റെ ആസ്തി</u>

2736 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഡി.സി.ബി. യിൽ 31.03.2001, 31.03.2006 എന്നീ തീയതികളിൽ കേപ്പിന്റെ ഓവർഡ്രാഫ്റ്റ് ബാദ്ധ്യത എത്രയായിരുന്നു; 2011 സെപ്തംബർ 30 ന് എത്രയായിരുന്നു;

(ബി) 2001-2006 -ൽ കേപ്പിന്റെ ആസ്തിയെത്രയായിരുന്നു; ഈ കാലയളവിൽ നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ, എന്തു തുക വരുമെന്ന് അറിയിക്കുമോ;

(സി) 2006-2011 ൽ കേപ്പ് ആരംഭിച്ച പുതിയ സ്ഥാപനങ്ങളുടെ ആസ്തി എത്രയെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കേപ്പിന് കീഴിലെ പ്രൊഫഷണൽ സ്ഥാപനങ്ങൾ</u>

2737

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ 2006-2011 കാലത്ത് കേപ്പിനു കീഴിൽ എന്തെല്ലാം സ്ഥാപനങ്ങളാണ് പുതിയതായി ആരംഭിക്കാൻ നടപടി എടുത്തത്;

(ബി) അതിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം; അവയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നറിയിക്കുമോ;

(സി) പത്തനാപുരം, പത്തനംതിട്ട (ആറന്മുള) സഹകരണ എഞ്ചിനീയറിംഗ് കോളേജുകൾ 2011-2012 ൽ പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) 2006-2011 കാലത്ത് കേപ്പിനു കീഴിൽ എത്ര സഹകരണ ആശുപത്രികൾ ആരംഭിച്ചുവെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിലെ കേപ്പിന്റെ സ്ഥാപനങ്ങൾ</u>

2738 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

'കേപ്പി'ന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിൽ ഏതൊക്കെ സ്ഥാപനങ്ങളാണുളളത്; പുതുതായി സ്ഥാപനങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>സഹകരണ മേഖലയിൽ അമ്യൂസ്മെന്റ് പാർക്കുകൾ</u>

2739 ശ്രീ. കെ.കെ.നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ മുഖേന അമ്യൂസ്മെന്റ് പാർക്കുകൾ നിർമ്മിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ശ്രീമതി ജാനകി കെ.വി യുടെ അപേക്ഷ യിന്മേലുള്ള നടപടി

2740 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് സഹകരണ ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ, കൊയിലാണ്ടി മണ്ഡലത്തിലെ ശ്രീമതി ജാനകി. കെ.വി, കാട്ടിലെ വയലിൽ, വിയ്യൂർ സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ഖാദി വസ്ത്രങ്ങളുടെ ഉപയോഗം</u>

2741 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും ഖാദി വസ്ത്രങ്ങൾ ഉപയോഗിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് ;

(ബി) മുമ്പ് നൽകിയ നിർദ്ദേശങ്ങൾ പ്രാവർത്തികമായിട്ടുണ്ടോ ?